**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 31.01.2026**

## പ്രധാനവാർത്തകൾ

1. ഇന്ത്യ-അറബ് വിദേശകാര്യ മന്ത്രിമാരുടെ രണ്ടാമത് യോഗം ഇന്ന് ന്യൂഡൽഹിയിൽ നടക്കും.
2. 2026-27 ലെ കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമ്മല സീതാരാമൻ നാളെ ലോക്സഭയിൽ അവതരിപ്പിക്കും.
3. ആർത്തവ ശുചിത്വം മൗലിക അവകാശമാണെന്ന് സുപ്രീം കോടതി; സ്കൂളുകളിൽ പെൺകുട്ടികൾക്കായി പ്രത്യേകം ശുചിമുറി സജ്ജമാക്കണമെന്നും സൗജന്യമായി സാനിറ്ററി നാപ്കിനുകൾ നൽകണമെന്നും നിർദ്ദേശം.
4. അഞ്ചാം ലോക കേരള സഭയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് സമാപനം; മുഖ്യമന്ത്രി പിണറായി വിജയന്റെ മറുപടി പ്രസംഗം ഇന്ന് ഉച്ചയ്ക്ക്.
5. വേലിയേറ്റ വെള്ളപ്പൊക്കം ദുരന്ത നിവാരണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിപ്പിച്ച് സംസ്ഥാന സർക്കാർ.
6. ക്രിക്കറ്റ് ആവേശത്തിൽ തലസ്ഥാന നഗരി; ഇന്ത്യാ ന്യൂസിലാൻറ് ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്നു വൈകിട്ട് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ.

RNU TVPM

## ഇൻഡ്യ - അറബ് ഫോറിൻ മിനിസ്ട്രി

ഇന്ത്യ-അറബ് വിദേശകാര്യ മന്ത്രിമാരുടെ രണ്ടാമത് യോഗം ഇന്ന് ന്യൂഡൽഹിയിൽ നടക്കും. ഇന്ത്യയും യുഎഇയും സംയുക്തമായി

യോഗത്തിന് നേതൃത്വം നൽകും. അറബ് ലീഗ് അംഗരാജ്യങ്ങളുടെ വിദേശകാര്യ മന്ത്രിമാരും അറബ് ലീഗ് സെക്രട്ടറി ജനറലും യോഗത്തിൽ പങ്കെടുക്കും. ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന ആദ്യ ഇന്ത്യ-അറബ് വിദേശകാര്യ മന്ത്രിമാരുടെ യോഗമാണിത്. 22 അറബ് രാജ്യങ്ങളും ഇതിൽ പങ്കെടുക്കും. 10 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് യോഗം നടക്കുന്നത്.

## ധനമന്ത്രി നിർമ്മല സീതാരാമൻ

2026-27 ലെ കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമ്മല സീതാരാമൻ നാളെ ലോക്സഭയിൽ അവതരിപ്പിക്കും. ലോക്സഭയിൽ അവതരിപ്പിച്ചതിനുശേഷം, ബജറ്റിന്റെ പകർപ്പ് രാജ്യസഭയിൽ മേശപ്പുറത്ത് വയ്ക്കും. 2019 ൽ കേന്ദ്രധനമന്ത്രിയായി ചുമതലയേറ്റതിനുശേഷം ശ്രീമതി സീതാരാമൻ തുടർച്ചയായി അവതരിപ്പിക്കുന്ന ഒമ്പതാമത്തെ ബജറ്റാണിത്. കേന്ദ്ര ബജറ്റ് അവതരണത്തിന് ശേഷം രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള മുപ്പതോളം കോളേജ് വിദ്യാർത്ഥികളുമായി ധനമന്ത്രി സംവദിക്കും.

## ബജറ്റ്-ഫാക്ട്ചെക്ക്

2026-27 ലെ കേന്ദ്ര ബജറ്റിന്റെ സ്കാൻ ചെയ്ത പകർപ്പ് ഒരു മെസഞ്ചർ ആപ്പിൽ ചോർന്നതായി സമൂഹമാധ്യമത്തിൽ പ്രചരിക്കുന്ന സന്ദേശം വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. പ്രചരിക്കുന്ന ചിത്രങ്ങളിലൊന്ന് 2025-26 ലെ കേന്ദ്ര ബജറ്റിന്റേതാണെന്നും അത് ഡിജിറ്റലായി എഡിറ്റ് ചെയ്തതാണെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട്ചെക്ക് വിഭാഗം അറിയിച്ചു.

## ആർത്തവ ശുചിത്വം-സുപ്രീംകോടതി

ആർത്തവ ശുചിത്വത്തിനുള്ള അവകാശം ഭരണഘടനയുടെ 21-ാം അനുച്ഛേദ പ്രകാരം, ജീവിക്കാനുള്ള മൗലികാവകാശത്തിന്റെ അവിഭാജ്യ ഘടകമാണെന്ന് സുപ്രീം കോടതി. രാജ്യത്തെ സർക്കാർ, സ്വകാര്യ

RNUTVPM

സ്കൂളുകളിൽ പെൺകുട്ടികൾക്ക് ബയോ-ഡീഗ്രേഡബിൾ സാനിറ്ററി നാപ്കിനുകൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കണമെന്ന് എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കോടതി നിർദ്ദേശം നൽകി. ജസ്റ്റിസുമാരായ ജെ ബി പർദിവാല, ആർ മഹാദേവൻ എന്നിവരടങ്ങിയ ബെഞ്ചാണ് സുപ്രധാന വിധി പുറപ്പെടുവിച്ചത്. എല്ലാ സ്കൂളുകളിലും പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പ്രത്യേകം ശൗചാലയങ്ങൾ ഉണ്ടെന്ന് അധികൃതർ ഉറപ്പാക്കണം. ഈ നിർദ്ദേശങ്ങൾ പാലിക്കാത്ത സ്വകാര്യ സ്കൂളുകളുടെ അംഗീകാരം റദ്ദാക്കുമെന്ന് സുപ്രീം കോടതി മുന്നറിയിപ്പ് നൽകി.

❁❁❁❁❁❁❁❁❁❁❁❁❁

## ലോകകേരള സഭ

അഞ്ചാമത് ലോക കേരള സഭയ്ക്ക് ഇന്ന് സമാപനമാകും. ലോക കേരള സഭയോടനുബന്ധിച്ച് ഇന്ന് 7 മേഖലാ യോഗങ്ങളുടെ റിപ്പോർട്ടിംഗ്, 8 വിഷയാടിസ്ഥാനത്തിലുള്ള സമിതികളുടെ റിപ്പോർട്ടിംഗ്, വീഡിയോ അവതരണങ്ങൾ എന്നിവ സംഘടിപ്പിച്ചു. പ്രമേയ അവതരണങ്ങളും പ്രസംഗങ്ങളും ഇന്ന് നടക്കും. ഉച്ചയ്ക്ക് 2.30 ന് മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗമുണ്ടാകും. തുടർന്ന് സ്പീക്കർ എ എൻ ഷംസീറിന്റെ സമാപന പ്രസംഗത്തോടെ ലോകകേരള സഭയ്ക്ക് തിരശീല വീഴും.

PRNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## നിയമസഭ

സംസ്ഥാന നിയമസഭ സമ്മേളനം മറ്റെന്നാൾ പുനരാരംഭിക്കും. ബജറ്റിന്മേലുള്ള പൊതു ചർച്ച്യ്ക്കും തുടക്കമാകും. ചർച്ച മൂന്ന് ദിവസം തുടരും.

❁❁❁❁❁❁❁❁❁❁❁❁❁

## വീട് കൈമാറി

കൊല്ലം തേവലക്കരയിൽ സ്കൂളിന് സമീപത്തെ വൈദ്യുത ലൈനിൽ നിന്നും ഷോക്കേറ്റ് മരിച്ച എട്ടാം ക്ലാസ്സ് വിദ്യാർത്ഥി മിഥുന്റെ കുടുംബത്തിനായി നിർമിച്ച വീട് കൈമാറി. മന്ത്രിമാരായ വി ശിവൻ കുട്ടിയും, കെ എൻ ബാലഗോപാലും ചേർന്നാണ് വീട് കുടുംബത്തിന്

കൈമാറിയത്. മിഥുന്റെ ആഗ്രഹം സഫലമാക്കാൻ മുന്നിട്ടിറങ്ങിയ കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സിനെ വിദ്യാഭ്യാസ മന്ത്രി അഭിനന്ദിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## വേലിയേറ്റ വെള്ളപ്പൊക്കം

വേലിയേറ്റ വെള്ളപ്പൊക്കം ദുരന്ത നിവാരണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ വിജ്ഞാപനം പുറപ്പെടുവിപ്പിച്ച് സംസ്ഥാന സർക്കാർ. വേലിയേറ്റ വെള്ളപ്പൊക്കത്തെ തുടർന്നുള്ള കെടുതികൾ സംസ്ഥാന സവിശേഷ ദുരന്തമായി കണക്കാക്കി ധന സഹായം നൽകാനുള്ളതാണ് ഉത്തരവ്. എറണാകുളം ജില്ലയിലെ 22 തീരദേശ പഞ്ചായത്തുകളിലും തൃശൂർ, ആലപ്പുഴ ജില്ലകളിലെ പല ഭാഗങ്ങളിലും വേലിയേറ്റ വെള്ളപ്പൊക്കം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## മാങ്കുളം ആനക്കുളം- (ഇൻട്രോ)

മാങ്കുളം ആനക്കുളത്ത് വിനോദസഞ്ചാരികൾക്ക് കൗതുകമേകി കാട്ടാനക്കൂട്ടങ്ങൾ എത്തിത്തുടങ്ങി. ആനകളെ വളരെ അടുത്തുകാണാൻ സാധിക്കുമെന്നതാണ് ആനക്കുളത്തെ സവിശേഷമാക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

**(വോയ്സ്.......)**

❁❁❁❁❁❁❁❁❁❁❁❁❁

## സ്വച്ഛത പഖ്വാട

സ്വച്ഛത പക്വാഡയുടെ ഭാഗമായി സി.ബി.സിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം കുന്നുംപുറം ചിന്മയ വിദ്യാലയത്തിൽ ബോധവൽകരണ പരിപാടി സംഘടിപ്പിച്ചു. സ്കൂൾ പരിസരത്ത് വൃക്ഷത്തൈയും നട്ടു. സ്കൂൾ പ്രിൻസിപ്പൽ ബീന എൻ. ആർ. ഉദ്ഘാടനം ചെയ്തു.

## ടി - 20 (ഇൻട്രോ)

ഇന്ത്യാ ന്യൂസിലാൻറ് ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാമത്തേയും അവസാനത്തേതുമായ മൽസരം ഇന്നു വൈകിട്ടു തിരുവനന്തപുരത്തു നടക്കും. ഇതിനകം പരമ്പര സ്വന്തമാക്കിയ ഇന്ത്യ 3-1 എന്ന നിലയിലാണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി**

(വോയ്സ്)

## റോയ് ചാക്കോ വിരമിക്കൽ

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ ദീർഘകാലത്തെ സേവനത്തിന് ശേഷം ഡപ്യൂട്ടി ഡയറക്ടർ ന്യൂസ് സ്ഥാനത്ത് നിന്നും റോയ് ചാക്കോ ഇന്ന് വിരമിക്കും. പബ്ലിക്കേഷൻസ് ഡിവിഷൻ, പിഐബി, ഡിഎഫ് പി എന്നീ സ്ഥാപനങ്ങളിലും തിരുവനന്തപുരം ആകാശവാണി പ്രാദേശിക വാർത്താ വിഭാഗത്തിലും ദീർഘനാൾ പ്രവർത്തിച്ചിട്ടുണ്ട്. ആകാശവാണി ബംഗളൂരു വാർത്താ വിഭാഗം മേധാവിയായി സേവനം അനുഷ്ഠിച്ച് വരികയായിരുന്നു.

RNU TVPM

## സ്വർണവില

സ്വർണ്ണവിലയിൽ ഇന്ന് കുറവ് രേഖപ്പെടുത്തി. സ്വർണം പവന് 6320 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 17,760 രൂപയും, ഗ്രാമിന് 14,720 രൂപയുമാണ് ഇന്നത്തെ വില.

**പടയപ്പ**

മൂന്നാർ മാട്ടുപ്പെട്ടിയിൽ കാട്ടാന ആക്രമണത്തിൽ വഴിയോരക്കട തകർന്നു. പടയപ്പയെന്ന കാട്ടാന ഇന്നലെ രാത്രിയിലാണ് കട തകർത്തത്. ആന ജനവാസ മേഖലയ്ക്ക് സമീപം തുടരുന്നതിനാൽ RRT സംഘം നിരീക്ഷിക്കുന്നുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## കേരള മൺപാത്ര നിർമാണം- സമ്മേളനം

കേരള മൺപാത്ര നിർമാണ സമുദായ സഭ പത്തൊൻപതാം സംസ്ഥാന സമ്മേളനം കണ്ണൂരിൽ നടക്കും. വൈകിട്ട് സ്റ്റേഡിയം കോർണറിൽ നടക്കുന്ന പൊതു സമ്മേളനം മന്ത്രി ഓ. ആർ. കേളു ഉദ്ഘാടനം ചെയ്യും. നാളെ തളിപ്പറമ്പിൽ നടക്കുന്ന പ്രതിനിധി സമ്മേളനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁❁

PNUTVPM

## ജൽ ജീവൻ പദ്ധതി

കോഴിക്കോട് ജില്ലയിലെ 15 ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതി, മാർച്ച് മാസം ഭാഗികമായി കമ്മീഷൻ ചെയ്യും. പദ്ധതിയുടെ പ്രവൃത്തി പുരോഗതി വിലയിരുത്തുന്നതിന് ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിംഗ് പെരുവണ്ണാമൂഴിയിലെ ജലശുദ്ധീകരണ ശാല സന്ദർശിച്ചു. 1348 കോടി രൂപ ചെലവിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ ജലസ്രോതസ്സ് പെരുവണ്ണാമൂഴി റിസർവോയറാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## നിപ--ലോകാരോഗ്യ സംഘടന

ഇന്ത്യയിലെ നിപ കേസുകളിൽ ആശങ്ക വേണ്ടെന്ന് ലോകാരോഗ്യ സംഘടന. ഇന്ത്യയിലേത് അപകട സാധ്യത കുറഞ്ഞ വിഭാഗത്തിലുള്ള നിപ വ്യാപനമാണെന്നും ഇപ്പോൾ യാത്രാ, വ്യാപാര നിയന്ത്രണം ഏർപ്പെടുത്തേണ്ട സാഹചര്യമില്ലെന്നും ലോകാരോഗ്യ സംഘടന വ്യക്തമാക്കി. പശ്ചിമബംഗാളിലെ നോർത്ത് 24 പർഗാന ജില്ലയിലാണ് അടുത്തിടെ നിപ റിപ്പോർട്ട് ചെയ്തത്.

## സോയിൽ ഹെൽത്ത് കാർഡുകൾ

മണ്ണിലെ പോഷകങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി കേന്ദ്രസർക്കാർ ആരംഭിച്ച പദ്ധതിവഴി രാജ്യത്തുടനീളമുള്ള കർഷകർക്ക് 25 കോടിയിലധികം സോയിൽ ഹെൽത്ത് കാർഡുകൾ വിതരണംചെയ്തു. ഒരുലക്ഷത്തോളം കർഷക പരിശീലന പരിപാടികളും, ആറു ലക്ഷത്തിലധികം ഫീൽഡ് പ്രദർശനങ്ങളും, ആയിരക്കണക്കിന് ബോധവൽക്കരണ കാമ്പയ്‌നുകളും നടത്തി. സമതുലിത പോഷക മാനേജ്മെന്റ് പ്രോത്സാഹിപ്പിക്കുന്നതിൽ പദ്ധതിയുടെ വ്യാപ്തിയും വ്യാപ്തിയും ഇത് പ്രതിഫലിപ്പിക്കുന്നുവെന്ന് സർക്കാർ പറഞ്ഞു. രണ്ട് വർഷത്തിലൊരിക്കൽ വിതരണം ചെയ്യുന്ന സോയിൽ ഹെൽത്ത് കാർഡ് കർഷകർക്ക് മണ്ണിന്റെ പോഷകനിലയെയും ഭൗതിക–രാസ അവസ്ഥയെയും കുറിച്ച് സമഗ്ര ധാരണ നൽകുന്നു.

## സ്പോർട്സ് സ്കൂൾ പ്രവേശനം

സംസ്ഥാന കായിക യുവജനകാര്യാലയത്തിന്റെയും, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെയും കീഴിൽ വിവിധ ജില്ലകളിലായി പ്രവർത്തിച്ചു വരുന്ന സ്പോർട്സ് സ്കൂളുകളിലേക്കും, സ്പോർട്സ് അക്കാദമികളിലേക്കുമുള്ള പ്രവേശനത്തിനുള്ള പ്രാഥമിക സെലക്ഷൻ നാളെ മുതൽ ഈ മാസം 8 വരെ വിവിധ ജില്ലകളിലെ തെരഞ്ഞെടുത്ത സെന്ററുകളിൽ നടക്കും. സെലക്ഷനിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള കുട്ടികൾ www.sportscouncil.kerala.gov.in, www.dsya.keral.gov.in വെബ് സൈറ്റുകളിൽ രജിസ്റ്റർ ചെയ്യണം.

RNUTVPM